പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 298 — 16.12.2015 ൽ മറുപടിയ്ക്ക്

## നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് കണക്ടിവിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ | ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് കണക്ടിവിറ്റിക്ക് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഗ്രാമീണ മേഖലയിൽ, പൊതുവെ പഞ്ചായത്തുകളിൽ, അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി എത്തിക്കുക വഴി ഇ-ഗവേണൻസ് കാര്യക്ഷമമാക്കുകയും അതുവഴി ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ കൃത്യസമയത്ത് കാര്യക്ഷമതയോടെ നൽകുവാനും ഗ്രാമ പഞ്ചായത്തുകളിൽ ഇ–ഹെൽത്ത്, ഇ–ഗവേണൻസ്, ഇ–എഡ്യൂക്കേഷൻ എന്നിവയുടെ പ്രവർത്തനം സുഗമമാക്കുവാനും സാധിക്കും. ഓപ്റ്റിക്കൽ ഫൈബർ മുഖാന്തിരം ബ്രോഡ്ബാന്റ് ലഭ്യമാക്കുന്നതു വഴി അതിവേഗ ഇന്റർനെറ്റ് സംവിധാനം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും തടസ്സം കൂടാതെ ലഭ്യമാക്കുന്നതിനും സമീപ ഭാവിയിൽ തന്നെ പഞ്ചായത്തുകളുമായി കൂട്ടിച്ചേർത്ത സ്ഥാപനങ്ങളിൽക്കൂടി NOFN ദീർഘിപ്പിക്കുകയും WiFi സാങ്കേതിക വിദ്യ ഉപയോഗിച്ച് ജനങ്ങൾക്ക് പഞ്ചായത്തുകളിൽ നിന്നുള്ള സേവനങ്ങൾ ലഭ്യമാക്കുവാനും സാധിക്കും. |

| | | |
|---|---|---|
| സി) . പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം? | സി) | നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 20.10.2012 ലെ സ.ഉ.(കൈ) നം.21/2012/ ഐ.റ്റി.ഡി, പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി എല്ലാ ഗ്രാമ പഞ്ചായത്ത് കാര്യാലയങ്ങളിലും 50 സ്ക്വയർ ഫീറ്റ് സ്ഥലവും, 200 W പവറും ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും BBNL അധികൃതർക്ക് സൗജന്യമായി ലഭ്യമാക്കാൻ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഈ പദ്ധതിക്കാവശ്യമുള്ള ഉപകരണങ്ങൾ BBNL സ്ഥാപിച്ചിട്ടുണ്ട്. BBNL, BSNL എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാന ഐ.ടി വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, സംസ്ഥാന ഐ.ടി മിഷൻ, ഇൻഫർമേഷൻ കേരള മിഷൻ (IKM) എന്നിവരുടെ മേൽനോട്ടത്തിൽ ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും വിന്യസിക്കുകയും ടെസ്റ്റ് ചെയ്യുകയും ചെയ്യു. ഓപ്റ്റിക്കൽ ഫൈബർ കണക്ടിവിറ്റിക്കാവശ്യമായ ഡാറ്റാ പ്ലാൻ ലഭ്യമാക്കുന്നതിനായി BSNL മായി ചർച്ച നടത്തി വരികയാണ്. കുടാതെ നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് പദ്ധതി കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (KSWAN) മായി ബന്ധിപ്പിക്കുന്ന പ്രവൃത്തികൾ ത്വരിത ഗതിയിൽ നടന്നു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ